സഹകരണ സംഘം ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി

173 [772] ശ്രീ. തോമസ് ഉണ്ണിയാടൻ :
„ ജോസഫ് എം. പുതുശ്ശേരി :
„ സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി പല സഹകരണ സംഘം ഭരണ സമിതികളും ജീവനക്കാർക്കെതിരെ ശിക്ഷണനടപടി കൈക്കൊള്ളുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സഹകരണ നിയമം ചട്ടം 198 ദുർവിനിയോഗം ചെയ്തുകൊണ്ട് ശിക്ഷണ നടപടികൾ നേരിടുന്ന ജീവനക്കാരന് നിയമപരമായ സംരക്ഷണം നൽകുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കാമോ ;

(സി) ഭരണസമിതികൾ കൈക്കൊള്ളുന്ന ശിക്ഷണ നടപടികൾക്കെതിരെ പരാതിപ്പെട്ടുകൊണ്ട് കഴിഞ്ഞ 3 കൊല്ലങ്ങൾക്കുള്ളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുമ്പാകെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കേസ്സുകളുടെ വിശദവിവരവും, ജോയിന്റ് രജിസ്ട്രാർമാർ കൈക്കൊണ്ടിട്ടുള്ള നടപടിയും വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഭരണസമിതികൾ കൈക്കൊണ്ടിട്ടുള്ള ശിക്ഷണ നടപടികൾക്കെതിരെ പരാതിപ്പെട്ടുകൊണ്ട് കഴിഞ്ഞ 3 കൊല്ലങ്ങൾക്കുള്ളിൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ മുൻപാകെ 9 കേസുകളും കൊല്ലം ജോയിന്റ് രജിസ്ട്രാർ മുൻപാകെ 2 കേസുകളും, പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ മുൻപാകെ 5 കേസുകളും, കോട്ടയം ജോയിന്റ് രജിസ്ട്രാർ മുൻപാകെ 11 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.)†

പരിയാരം മെഡിക്കൽ കോളേജിന്റെ കൈവശമുള്ള ഭൂമി

174 [773] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിന്റെ കൈവശം ഇപ്പോൾ എത്ര ഏക്കർ ഭൂമിയാണ് ഉള്ളത് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly